"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നൂറനാട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ നൂറനാടൻ റൈസ് എന്ന പദ്ധതിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.610/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. അലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24/07/2024-ലെ കത്ത്.
2. നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 14/06/2024-ലെ 1(3) നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ തീരുമാനം നമ്പർ 4.62.

**<u>ഉത്തരവ്</u>**

നൂറനാട് ഗ്രാമപഞ്ചായത്ത് 2023-24-ൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കർഷകരിൽ നിന്നും നെല്ല് ശേഖരിച്ച് അരിയാക്കി നൂറനാടൻ റൈസ് എന്ന പേരിൽ കുടുംബശ്രീയുടെ സംരഭക ഗ്രൂപ്പുവഴി വിപണിയിൽ എത്തിച്ചു. തുടർന്ന് ഈ പദ്ധതി 2024-25 വർഷവും നടപ്പാക്കി. ഒരു സൊസൈറ്റി രൂപീകരിച്ചു പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ബൈലോ തയ്യാറാക്കി അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കൺവീനറും കൃഷി ഓഫീസർ ജോയിന്റ് കൺവീനറുമായ കമ്മിറ്റി മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകൾക്ക് സാധൂകരണം നല്കണമെന്ന് പരാമർശം (1) (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷ പരാമർശം (3) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ ഈ വർഷം പ്രോജക്ട് നടപ്പാക്കിയെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കാതെ കഴിഞ്ഞവർഷത്തെ വരുമാനമാണ് ഉപയോഗിച്ചത് എന്നതിനാൽ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടാതെ, ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ടതുപോലെ സൊസൈറ്റി രൂപീകരിച്ച് ബൈലോ തയ്യാറാക്കി പ്രോജക്ട് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സ്വന്തമായി വരുമാനമുണ്ടാകും വിധം ആദ്യവർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് വിഹിതം ചെലവഴിച്ച

സാഹചര്യത്തിൽ പദ്ധതി വിപുലീകരണത്തിനല്ലാതെ ഇനി ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിക്കേണ്ടതില്ലെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല.

സെക്രട്ടറി/പ്രസിഡന്റ്, നൂറനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂമീഡിയ വിങ്, ഐ&പി.ആർ.ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി, (LSGD-DA2/20/2025-LSGD).

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 05-03-2025 12:40:53
സെക്ഷൻ ഓഫീസർ